## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1128** **11.06.2019-ൽ മറുപടിയ്ക്ക്**

## പുതിയകാലം പുതിയ നിർമ്മാണം

**ചോദ്യം** **മറുപടി**

**ശ്രീ.പി.ടി.എ. റഹീം**
**ശ്രീ. എം. രാജഗോപാലൻ**
**ശ്രീ.പി. ഉണ്ണി**
**ശ്രീ.ഡി.കെ. മുരളി**

(എ) സംസ്ഥാനത്ത് പുതിയ കാലം പുതിയ നിർമ്മാണം എന്ന ആശയം യാഥാർത്ഥ്യമാക്കുന്നതിനായി എന്തെല്ലാം നൂതന സാങ്കേതിക വിദ്യകളാണ് പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതെന്ന് വിശദമാക്കാമോ;

**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

(എ) സംസ്ഥാനത്ത് പുതിയ കാലം പുതിയ നിർമ്മാണം എന്ന ആശയം യാഥാർത്ഥ്യമാക്കുന്നതിനായി വിവിധ തരത്തിലുള്ള നൂതന സാങ്കേതിക വിദ്യകൾ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നടപ്പാക്കി വരുന്നു. ദീർഘകാലം ഈട് നിൽക്കുന്ന റോഡുകൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി എല്ലാ റോഡുകളും ഘട്ടംഘട്ടമായി ബി.എം &ബി.സി നിലവാരത്തിലേക്ക് ഉയർത്തുകയും റബ്ബറൈസ്ഡ് ബിറ്റുമിൻ, പ്ലാസ്റ്റിക് എന്നിവ ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കുകയും ചെയ്തു വരുന്നു. കയർ ഭൂവസ്ത്രം ഉപയോഗിച്ച് റോഡിന്റെ അടിത്തറ ബലപ്പെടുത്തുന്ന സാങ്കേതിക വിദ്യയും ഉപയോഗിക്കുന്നുണ്ട്. കൂടാതെ റീസൈക്ലിംഗ് സാങ്കേതിക വിദ്യ പരീക്ഷണാടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്.

ഈ നയത്തിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന കെട്ടിടങ്ങൾ പ്രീ ഫാബ്രിക്കേഷൻ, കോമ്പോസിറ്റ് സ്ട്രക്ചർ, ഹരിത നിർമ്മാണ ചട്ടങ്ങൾ തുടങ്ങിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് കുറഞ്ഞ സമയത്തിനുള്ളിൽ പരിസ്ഥിതി സൗഹൃദമായി പൂർത്തീകരിക്കുവാനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഇതനുസരിച്ച് കെട്ടിടം പൂർത്തീകരിക്കുന്നതിനുള്ള സമയം കുറയ്ക്കുവാനും, തന്മൂലം ചെലവ് കുറയ്ക്കുവാനും കഴിയും.

(ബി) പരമ്പരാഗത രീതികളിൽ നിന്ന് വ്യതിചലിച്ച് പ്രകൃതി സൗഹൃദ നിർമ്മാണ രീതികൾ അവലംബിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പരമ്പരാഗത രീതികളിൽ നിന്ന് വ്യതിചലിച്ച് പ്രകൃതി സൗഹൃദ നിർമ്മാണ രീതികൾ അവലംബിക്കുന്നതിന് ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. ദീർഘകാലം ഈട് നിൽക്കുന്നതിനായി ബി.എം & ബി.സി നിലവാരത്തിലേക്ക് ഉപരിതലം പുതുക്കുന്നതിനൊപ്പം NRMB, ഷ്രെഡ്ഡ് പ്ലാസ്റ്റിക് എന്നിവ റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്നു. റോഡിന്റെ വശങ്ങളിലുള്ള സ്വാഭാവിക ചരിവ് സംരക്ഷിക്കുന്നതിന് പ്രകൃതി സൗഹൃദമായ കയർ ഭൂവസ്ത്രംപോലുള്ള സോയിൽ സ്റ്റെബിലൈസേഷൻ രീതികൾ ഉപയോഗിക്കുന്നുണ്ട്. റീ സൈക്ലിംഗ് സാങ്കേതിക വിദ്യ പരീക്ഷണാടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്.

പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ കീഴിൽ ചരിവുള്ള പ്രദേശങ്ങളിൽ മണ്ണ് മാറ്റി നിരപ്പാക്കി സംരക്ഷണ ഭിത്തി നിർമ്മിച്ചാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്. ഈ പരമ്പരാഗത നിർമ്മാണ ശൈലിയിൽ നിന്നും മാറ്റി, ഭൂമിയുടെ പ്രകൃത്യായുള്ള ചരിവ് പരമാവധി നിലനിറുത്തികൊണ്ട് തന്നെയുള്ള ഡിസൈൻ രൂപീകരിച്ചും, മണ്ണ് സംരക്ഷണത്തിനായി കോൺക്രീറ്റ് സംരക്ഷണഭിത്തികൾ പരമാവധി കുറച്ച്, ആഴത്തിൽ വേരോടുന്ന ചെടികൾ വച്ച് പിടിപ്പിച്ചും, കയർ ഭൂവസ്ത്രം പോലുള്ള സാങ്കേതിക വിദ്യകൾ പ്രയോജനപ്പെട്ടത്താവുന്നതുമാണ്. കൂടാതെ നിലവിലെ കെട്ടിടം പൊളിച്ച മാറ്റുമ്പോൾ ലഭിക്കുന്ന പാഴ് വസ്തുക്കൾ പുനരുപയോഗം നടത്തിയും, നിർമ്മാണം നടത്തുന്നതിനായി മുറിച്ചു നീക്കുന്ന മരങ്ങൾക്ക് പകരം പുതിയവ നട്ടു പിടിപ്പിച്ചും പരമാവധി പ്രകൃതി സൗഹൃദ നിർമ്മാണം സാദ്ധ്യമാക്കാവുന്നതാണ്.

(സി) പ്രളയത്തിൽ തകർന്ന റോഡുകളും പാലങ്ങളും മറ്റ് അടിസ്ഥാനസൗകര്യങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കാൻ എത്ര രൂപയാണ് നീക്കിവെച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(സി) പ്രളയത്തിൽ തകർന്ന റോഡുകളുടെ അടിയന്തിര അറ്റകുറ്റപ്പണികൾക്ക് നോൺ പ്ലാൻ ഫണ്ടിൽ നിന്നും 882 കോടി രൂപയും ദുരന്ത നിവാരണ ഫണ്ടിൽ നിന്നും 71.25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ പ്ലാൻ

ഫണ്ടിൽ നിന്നും റോഡുകളുടെ പുനർ നിർമ്മാണത്തിനായി 1897 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ പ്രളയത്തിൽ തകർന്ന റോഡുകളും പാലങ്ങളും സമയബന്ധിതമായി പൂർത്തീക്കാരിക്കാൻ കേന്ദ്ര /സംസ്ഥാന സർക്കാരുകൾ 850 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ